**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 952** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഇരിമ്പിളിയം–കൊട്ടുമുടി-തിരുവേഗപ്പുറ പാലം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും തൂതപ്പുഴയ്ക്ക് കുറുകെയുള്ളതുമായ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം–കൊട്ടുമുടി-തിരുവേഗപ്പുറ പാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മലപ്പുറം, പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും തൂതപ്പുഴയ്ക്ക് കുറുകെയുള്ളതുമായ നിലവിലുള്ള തിരുവേഗപ്പുറ പാലത്തിന്റെ തിരുവേഗപ്പുറ ഭാഗത്ത് വലിയ വിള്ളൽ രൂപപ്പെട്ട് പാലം അപകടാവസ്ഥയിലായിരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ₹25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുകയും, KHRI നിർദേശിച്ച രീതിയിൽ പാലത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച്, പ്രശ്നം പരിഹരിച്ച് പാലം വാഹനഗതാഗതത്തിനായി തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ₹14.20 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിലവിൽ പുരോഗമിച്ചുവരികയാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച ശേഷം ലഭ്യമാകുന്ന വിവരങ്ങൾ ഡിസൈൻ വിഭാഗത്തിന് സമർപ്പിക്കുകയും, ഡിസൈന് അംഗീകാരം ലഭിച്ച് പുതിയ പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ (പാലം) കാര്യാലയത്തിൽ നിന്നും ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്

**(ബി)** ഇരിമ്പിളിയം–കൊട്ടുമുടി-തിരുവേഗപ്പുറ പാലത്തിന്റെ തിരുവേഗപ്പുറ ഭാഗത്ത് വലിയ വിള്ളൽ രൂപപ്പെട്ട് പാലം അപകടാവസ്ഥയിലായതിനെ തുടർന്ന് പ്രസ്തുത പാലത്തിനു സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** 2026-27 ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ തിരുവേഗപ്പുറപാലം നിർമ്മാണത്തിനായി 5 കോടി രൂപ അനുവദിച്ചതിൻ പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ;

ആയതിന്മേൽ ചീഫ് എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ്) ഓഫീസിലും സർക്കാർ തലത്തിലും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**